# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1332** 12.03.2015- ൽ മറുപടിക്ക്

## എടയാർ-ആലച്ചേരി റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ എടയാർ-ആലച്ചേരി റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ; | (എ) യും (ബി) യും | എടയാർ-ആലച്ചേരി റോഡിന്റെ കി.മി. 2/100 മുതൽ 5/000 വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി ഒരു കോടി രൂപ അപ്ഗ്രഡേഷൻ പാക്കേജിൽ അനുവദിക്കുകയും പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുകയുമുണ്ടായി. എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്നൊഴിവാക്കുകയുണ്ടായി. തുടർന്ന് രണ്ടു തവണ റീ-ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ വിളിക്കുകയും ഒരു ക്വട്ടേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ക്വട്ടേഷൻ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (ബി) എടയാർ-ആലച്ചേരി റോഡ് നിർമ്മാണം റീ-ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ